# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.42/PR/PIC/PHQ/17 Date : 01.03.2017

## സംസ്ഥാന വ്യാപകമായി ആന്റിപൈറസി സെൽ നടത്തിയ റെയ്ഡിൽ 15 പേർ അറസ്റ്റിൽ

ആന്റിപൈറസി സെൽ സംസ്ഥാനതലത്തിൽ വ്യാജ സിഡി/ഡിവിഡി കണ്ടെത്തുന്നതിന് നടത്തിയ പരിശോധനയിൽ 15 പേർ അറസ്റ്റിലായി. തിരുവനന്തപുരം ജില്ലയിൽ കിളിമാനൂർ പുതിയകാവ് സൈബർനെറ്റ് ഷോപ്പുടമ സുമേഷ്, പറശ്ശാല ധനുവച്ചപുരം വൈഗ ഇൻഫോ സെല്യൂഷൻ ഷോപ്പുടമ ലെബിൻ, അട്ടക്കുളങ്ങരയിൽ മെസോ ഫോർട്ട് ഷോപ്പുടമ അസീം, വർക്കല പാലച്ചിറ ഫോൺസ് ഫോർയു ഷോപ്പുടമ പ്രണവ്, കല്ലമ്പലം ഞെക്കാട് ശലഭം കംപ്ലീറ്റ് മൊബൈൽ സൊല്യൂഷൻ ഷോപ്പുടമ ഷംലാദ്, അട്ടക്കുളങ്ങര സെല്ലുലാർ സൊല്യൂഷൻ ഷോപ്പുടമ ഫൈസൽ, കൊല്ലം ജില്ലയിൽ പുനലൂർ ശാസ്ത്രാ വീഡിയോസ് ഷോപ്പുടമ അരുൺ, കൊല്ലം വെസ്റ്റ് രാമൻകുളങ്ങരയിൽ റിങ്ടോൺ മൊബൈൽ ഷോപ്പുടമ അബ്ദുൾ നയീം, കരുനാഗപ്പള്ളി കൈലാസ് സി.ഡി. പാലസ് ഷോപ്പുടമ അനൂപ് കുമാർ, ആലപ്പുഴ ജില്ലയിൽ കായകുളം പുതിയിടം റോഡ് സൈഡിൽ തട്ടിൽ സി.ഡി. കച്ചവടം നടത്തുകയായിരുന്ന അബ്ദുൾ സമദ്, നൂറനാട് തെരുവുമുക്കിൽ ടെക്നോ മൊബൈൽ ഷോപ്പുടമ അനീഷ്, ആലപ്പുഴ നോർത്ത് മുല്ലയ്ക്കൽ ഷൂലാന്റിന് സമീപം റോഡ് സൈഡിൽ കച്ചവടം നടത്തുകയായിരുന്ന ബാബു, തൃശ്ശൂർ ജില്ലയിൽ ചാലക്കുടി ആർ.എസ്. റോഡ് മ്യൂസിക് പാർക്ക് ഷോപ്പുടമ സജീർ, തൃശൂർ ഈസ്റ്റ് ശക്തൻ തമ്പുരാൻ ബിൽഡിങ്ങിൽ മൊബൈൽ ഷോപ്പ് നടത്തുകയായിരുന്ന മൊബൈൽ പാലസ് ഷോപ്പുടമ അനുരാഗ്, പാലക്കാട് ജില്ലയിൽ ചെറുപ്പളശ്ശേരി കെ.എൻ ബിൽഡിങ്ങിൽ മൊബൈൽ ഷോപ്പ് നടത്തി വരുന്ന സദീഖ് മൊബൈൽ ഷോപ്പുടമ സാദിഖ് അലി എന്നിവരാണ് അറസ്റ്റിലായത്.

ഇവരിൽ നിന്നും പുതിയ മലയാള സിനിമകളുടെയും അശ്ലീല ചിത്രങ്ങളുടെയും ശേഖരവും ഇവ കോപ്പി ചെയ്യാൻ ഉപയോഗിച്ച കമ്പ്യൂട്ടറുകൾ, എക്സ്റ്റേണൽ ഹാർഡ് ഡിസ്ക്കുകൾ, മെമ്മറി കാർഡുകൾ, പെൻഡ്രൈവുകൾ എന്നിവയും പോലീസ് കണ്ടെടുത്തു.

ആന്റിപൈറസി സെൽ പോലീസ് സൂപ്രണ്ട് ബി.കെ പ്രശാന്തന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ആന്റിപൈറസി സെൽ ഡിവൈ.എസ്.പി. എം.ഇക്ബാൽ, ഡിറ്റക്ടീവ് ഇൻസ്പെക്ടർ സുഭാഷ് ചന്ദ്രബാബു, ഡിറ്റക്ടീവ് സബ് ഇൻസ്പെക്ടർമാരായ ജിംസ്റ്റൺ, രതീഷ്, രൂപേഷ് കുമാർ.ജെ.ആർ, സിവിൽ പോലീസ് ഓഫീസർമാരായ സ്റ്റെർലിൻ രാജ്, സജി, ബെന്നി, അജയൻ, സുബീഷ്, ഷാൻ എന്നിവരും കൂടാതെ വിവിധ ലോക്കൽ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ.മാരും പോലീസുദ്യോഗസ്ഥരും പരിശോധനയിൽ പങ്കെടുത്തു.